**HADIA CSE Khutba Notes (04.01.2019)**

# തിന്മയോട് വെറുപ്പാവുക

പുതിയ വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു നാം. ഒരുപാട് നന്മകൾ ചെയ്യാനുള്ള വർഷമായിരിക്കട്ടെ ഇതെന്ന് പലരും ആശംസിക്കാറുണ്ട്.

നിസ്കാരം, നോമ്പ്, ദിക്റ്, തസ്ബീഹ്, സ്വദഖ തുടങ്ങിയ നന്മകൾ അധികരിപ്പിക്കുന്നതിലും പ്രധാനമാണ് തിന്മ തീരെ ചെയ്യാതിരിക്കുക എന്നത്. ജീവിതത്തിൽ ഒരുപാട് തിന്മകൾ ചെയ്യുകയും അതോടൊപ്പം നിസ്കാരവും നോമ്പും ദാനധർമകളും കൊണ്ടുനടക്കുകയും ചെയ്യുന്നവരാണ് ഇന്ന് പലരും. എങ്ങനെ രക്ഷപ്പെടാം എന്ന കുറുക്കുവഴികൾ അന്വേഷിക്കുകയും അതിന് സ്വദഖകൾ ഒരു മറയാക്കുകയും ചെയ്യുന്നു നാം. രഹസ്യമായി തെറ്റ് ചെയ്യുയും പരസ്യമായി നന്മ ചെയ്യുകയും ചെയ്യുന്നവരുണ്ട്.

اللَّهُمَ حَبِّبْ إِلَيْنَا الْإِيمَانَ وَزَيِّنْهُ فِي قُلُوبِنَا، وَكَرِّهْ إِلَيْنَا الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ، وَاجْعَلْنَا مِنَ الرَّاشِدِينَ (الحجرات، الآية: ٧)

തെറ്റുകളും തിൻമകളും ചെയ്യാതിരിക്കുക എന്നുള്ളതല്ല അതിനോട് വെറുപ്പുണ്ടാവുക എന്നുള്ളതാണ് പ്രധാനം. വ്യപിചാരവും മദ്യപാനവും നാം ചെയ്യാതിരിക്കുന്നത് അതിനുള്ള സാഹചര്യം ഇല്ലാത്തതു കൊണ്ടായിരിക്കാം. മറിച്ച്; തെറ്റ് ചെയ്യാനുള്ള അവസരം ഉണ്ടായിട്ടുകൂടി അതിൽ നിന്ന് വിട്ടു നിൽക്കാനുള്ള യോഗ്യത ഉണ്ടാകണമെങ്കിൽ തെറ്റിനെ വെറുക്കാൻ ശീലിക്കണം.

തെറ്റിനെ വെറുക്കാൻ കഴിയുക എന്ന യോഗ്യതക്കാണ് അല്ലാഹു പ്രതിഫലം നൽകുന്നത്.

സ്വൂഫി വര്യരായ മഹാന്മാർ ഈ യോഗ്യത കൈവരിച്ചതുകൊണ്ട് തെറ്റുകൾ പ്രവർത്തിക്കുന്നവർക്കിടയിൽ പെട്ടാലും അവർക്കതിൽ താൽപര്യമുണ്ടാവില്ല. എന്നു മാത്രമല്ല അതിനോട് വെറുപ്പായിരിക്കും. ഇതാണ് അവരുടെ ഏറ്റവും വലിയ കറാമത്ത്.

ദുൻയാവിന്റെ കാര്യം ആലോചിച്ചു നോക്കൂ... യോഗ്യതയുള്ളവന് അധികം അധ്വാനിക്കാതെ തന്നെ വലിയ ശമ്പളം ലഭിക്കും. ആ യോഗ്യത കൈവരിച്ചു എന്നതാണ് അവരുടെ പ്രത്യേകത.

قَدْ أَفْلَحَ مَن زَكَّاهَا (٩) وَقَدْ خَابَ مَن دَسَّاهَا (١٠) - سورة الشمس

തെറ്റിനെ വെറുത്തു കൊണ്ട് മനസ്സിനെ സംസ്കരിക്കാൻ കഴിയണം. അതിനു സാധിച്ചാൽ തിന്മകൾ വെടിയാൻ നമുക്ക് കഴിയും. തസ്കിയത് എന്നാൽ നന്മകൾ ചെയ്യുക എന്നതല്ല; മറിച്ച്, തിൻമകളിൽ നിന്ന് സംസരിക്കപ്പെടുക എന്നതാണ്.

തിരു നബി (സ്വ)യുടെ ഉത്തരവാദിത്തവും അതു തന്നെയായിരുന്നു:

يَتْلُو عَلَيْهِمْ آيَاتِهِ وَيُزَكِّيهِمْ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَإِن كَانُوا مِن قَبْلُ لَفِي ضَلَالٍ مُّبِينٍ – سورة الجمعة ٢

തിന്മകളിൽ നിന്ന് വിട്ട് നിൽക്കലാണ് നന്മ. സ്വാലിഹായ അമൽ ചെയ്യുക എന്ന കാഴ്ചപ്പാട് മാറ്റി നാം സ്വാലിഹാകുക. അമൽ എന്നും സ്വാലിഹ് തന്നെയാണ്. നാം സ്വാലിഹായാൽ ചെയ്യുന്നതൊക്കെയും സ്വാലിഹാകും.ഇബാദതും, സ്വദഖകളും ചെയ്യുന്ന മാന്യന്മാർക്ക് കല്യാണങ്ങളിൽ നിന്ന് പാട്ടും കൂത്തും, ആ ഭാസങ്ങളും ഒഴിവാക്കാൻ കഴിയണം, ശവപ്പെട്ടിയിൽ പുതിയാപ്പള വരവും, കയ്യും കാലും ചങ്ങലക്കിട്ട് കൊലക്കേസ്, പീഢന പ്രതികളെ കൊണ്ടു പോകുന്ന രീതിയിൽ പുതിയാപ്പളയെ ആനയിച്ചതും അത്യധികം സഹതാപകരമാണ്,, ഇത്തരം സാഹചര്യത്തിലാണ് തിന്മകളിൽ നിന്ന് വിട്ടു നിൽക്കലാണ് ഏറ്റവും വലിയ നന്മ എന്ന വിഷയം പ്രസകതമാകുന്നത്.

അഹ്മദ് (റ) റിപ്പോർട്ട് ചെയ്ത ഹദീസിൽ കാണാം:

فقد جاء في مسند الإمام أحمد بسند صحيح أن رسول الله ﷺ قال :إنك لن تدع شيئا لله عز و جل إلا بدّلك الله به ما هو خير لك منه.

അല്ലാഹുവിനെ വിചാരിച്ച് (സാഹചര്യം ലഭിക്കാത്തത് കൊണ്ടല്ല) ഒരു തിന്മ നാം ഒഴിവാക്കിയാൽ അല്ലാഹു ഒരു ഖൈറ് നമുക്ക് തരും.

സുലൈമാൻ (അ) നെ കുറിച്ച് സൂറത്തു സ്വാദിൽ പറയുന്നു:

**HADIA CSE Khutba Notes (04.01.2019)**

# തിന്മയോട് വെറുപ്പാവുക

وَوَهَبْنَا لِدَاوُودَ سُلَيْمَانَ ۚ نِعْمَ الْعَبْدُ ۖ إِنَّهُ أَوَّابٌ (٣٠) إِذْ عُرِضَ عَلَيْهِ بِالْعَشِيِّ الصَّافِنَاتُ الْجِيَادُ(٣١) فَقَالَ إِنِّي أَحْبَبْتُ حُبَّ الْخَيْرِ عَن ذِكْرِ رَبِّي حَتَّىٰ تَوَارَتْ بِالْحِجَابِ (٣٢) رُدُّوهَا عَلَيَّ ۖ فَطَفِقَ مَسْحًا بِالسُّوقِ وَالْأَعْنَاقِ (٣٣)

ഇതിന്റെ ഒരു വ്യാഖ്യാനം ഇങ്ങനെ (ഇബ്നു കസീർ):

وقوله : (فقال إني أحببت حب الخير عن ذكر ربي حتى توارت بالحجاب) ذكر غير واحد من السلف والمفسرين أنه اشتغل بعرضها حتى فات وقت صلاة العصر (والذي يقطع به أنه لم يتركها عمدا بل نسيانا كما شغل النبي - ﷺ - يوم الخندق عن صلاة العصر حتى صلاها بعد الغروب ... ويحتمل أنه كان سائغا في ملتهم تأخير الصلاة لعذر الغزو والقتال..) قال الحسن البصري . قال : لا والله لا تشغليني عن عبادة ربي آخر ما عليك . ثم أمر بها فعقرت .... ولهذا لما خرج عنها لله تعالى عوضه الله تعالى ما هو خير منها وهي الريح التي تجري بأمره رخاء حيث أصاب غدوها شهر ورواحها شهر فهذا أسرع وخير من الخيل

അദ്ദേഹം കുതിരപ്പന്തയം കണ്ട് നിൽക്കവെ അസ്വര് നിസ്കാരത്തെ തൊട്ട് അശ്രദ്ധവാനായി. അതിന്റെ പേരിൽ ഖേദിച്ച് മുഴുവൻ കുതിരകളെയും അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചു.

അതെല്ലാം ഒഴിവാക്കിയതിന്റെ പേരിലാണ് അദ്ദേഹത്തിന് ഏറ്റവും വേഗതയിൽ സഞ്ചരിക്കാനൊക്കുന്ന കാറ്റിനെ അല്ലാഹു കീഴടക്കിക്കൊടുത്തത് എന്ന് ഇബ്നു കസീർ (റ) പറയുന്നു. തെറ്റിനെയും തെറ്റിലേക്ക് നയിക്കുന്നതിനെയും ഒഴിവാക്കിയതിന്റെ പേരിൽ അല്ലാഹു ചെയ്ത നിഅ്മത്ത് ഇതിൽ നിന്ന് മനസ്സിലാക്കാം.

മറ്റൊരു ഉദാഹരണമാണ് ഹിജ്റ. തിരുനബി (സ്വ)യും സ്വഹാബത്തും മക്കയിലെ ശിർകിന്റെയും അക്രമങ്ങളുടെയും സാഹചര്യങ്ങളിൽ നിന്ന് മാറി, ദുൻയാവിലുള്ളതെല്ലാം ഒഴിവാക്കി ഈമാൻ സംരക്ഷിക്കാനായി മദീനയിലേക്ക് ഹിജ്റ പോയി. എന്നാൽ പിന്നീട് അതിന്റെ പേരിൽ അല്ലാഹു അവർക്ക് ചക്രവാളങ്ങൾ കീഴടക്കാനുള്ള തൗഫീഖ് നൽകി.

وَمَن يَتَّقِ اللَّهَ يَجْعَل لَّهُ مَخْرَجًا وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ (الطلاق: ٢)

അല്ലാഹുവിനെ സൂക്ഷിച്ച് തെറ്റുകളിൽ നിന്ന് വിട്ടു നിന്നാൽ പിന്നെ നന്മകൾ ചെയ്യാനുള്ള വഴി അല്ലാഹു തെളിയിച്ച് തരികയും നാം പ്രതീക്ഷിക്കാത്ത രീതിയിൽ നമ്മുടെ കാര്യങ്ങൾ അവൻ നിറവേറ്റിത്തരികയും ചെയ്യും.

തെറ്റുകൾ വെടിയാനുള്ള യോഗ്യതയുണ്ടാവാൻ ഏറ്റവും നല്ലത് സ്വാലിഹുകളുമായുള്ള സഹവാസമാണ്.

തലവേദന പരാതിപ്പെടുന്ന രോഗിയോട്, അത് ഉണ്ടാവാൻ പാടില്ലാത്ത അസുഖമാണെന്നും അതുണ്ടായാലുള്ള ദൂശ്യവശങ്ങൾ ഇന്നതെല്ലാമാണെന്നും അല്ലല്ലോ ഡോക്ടർ പറഞ്ഞു കൊടുക്കേണ്ടത്. മറിച്ച്, അത് വരാതിരിക്കാനുള്ള മാർഗമല്ലേ.

അതുപോലെ കിബ്റ്, കളവ്, വ്യപിചാരം തുടങ്ങിയ പാപങ്ങളുടെ ദൂശ്യവശങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതിനപ്പുറം അത് വരാതിരിക്കാനുള്ള മാർഗമാണ് പറഞ്ഞുകൊടുക്കേണ്ടത്. അത് പറഞ്ഞു കൊടുക്കുന്നത് മഹാൻമാരായ ആത്മീയ നേതാക്കളാണ്. നന്മകൾ കുറേ ചെയ്യാൻ സാധിച്ചില്ലെങ്കിലും തിന്മകളിൽ നിന്ന് വിട്ടുനിൽക്കൽ നിർബന്ധമാണ്. അതിന് സ്വാലിഹുകളുമായുള്ള സഹവാസം വലിയൊരു പരിഹാരമാണ്.

روى الترمذي (٢٤٨١) وحسنه ، وأحمد (١٥٦٣١) ، والحاكم (٧٣٧٢) عَنْ سَهْلِ بْنِ مُعَاذِ بْنِ أَنَسٍ الْجُهَنِيِّ ، عَنْ أَبِيهِ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: ( مَنْ تَرَكَ اللِّبَاسَ تَوَاضُعًا لِلَّهِ وَهُوَ يَقْدِرُ عَلَيْهِ دَعَاهُ اللَّهُ يَوْمَ الْقِيَامَةِ عَلَى رُءُوسِ الْخَلَائِقِ حَتَّى يُخَيِّرَهُ مِنْ أَيِّ حُلَلِ الْإِيمَانِ شَاءَ يَلْبَسُهَا )

തെറ്റ് ചെയ്യാൻ സാധിച്ചിട്ടും അത് ചെയ്യാതെ പിടിച്ചുവച്ചാലുള്ള പ്രതിഫലമാണീ പറയുന്നത്.

തുർമുദി (റ) റിപ്പോർട്ട് ചെയ്ത മറ്റൊരു ഹദീസ് കാണുക:

**HADIA CSE Khutba Notes (04.01.2019)**

# തിന്മയോട് വെറുപ്പാവുക

عن سَهْلِ بْنِ مُعَاذِ بْنِ أَنَسٍ الْجُهَنِيِّ عَنْ أَبِيهِ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ مَنْ كَظَمَ غَيْظًا وَهُوَ يَسْتَطِيعُ أَنْ يُنَفِّذَهُ دَعَاهُ اللَّهُ يَوْمَ الْقِيَامَةِ عَلَى رُءُوسِ الْخَلَائِقِ حَتَّى يُخَيِّرَهُ فِي أَيِّ الْحُورِ شَاءَ

നാം ഒഴിവാക്കേണ്ട ഏറ്റവും വലിയ തെറ്റ് ബിദ്അത്താണ്.

ഗസാലി (റ) ഇഹ്‌യയിൽ പറയുന്നു:

وعن الحسن : قال إبليس : سوّلت لأمة محمد المعاصي فقطعوا ظهري بالاستغفار، فسوّلت لهم ذنوباً لا يستغفرون منها، يعني الأهواء

എല്ലാ തെറ്റിനും ഇസ്തിഗ്ഫാറ് കൊണ്ട് മോചനമുണ്ട്. എന്നാൽ ബിദ്അത്ത് ചെയ്യുന്നവൻ ഇത് തെറ്റാണെന്ന ബോധമില്ലാതെയാണ് അത് ചെയ്യുന്നത്. അതുകൊണ്ട് ഫിസ്ഖിനെക്കാളും വലിയ തെറ്റാണ് ബിദ്അത്ത്. ഫിസ്ഖ് ചെയ്യുന്നവൻ തെറ്റാണെന്ന ബോധമുള്ളത് കൊണ്ട് പിന്നീട് ഖേദിച്ചു മടങ്ങിയേക്കാം, എന്നാൽ ബിദ്അത്ത് ചെയ്യുന്നവൻ ആലോചിക്കുന്നത് ഇപ്പോഴാണ് തനിക്ക് യഥാർത്ഥ തൗഹീദ് മനസ്സിലായത് എന്നാണ്. അതുകൊണ്ട് അവൻ ഇസ്തിഗ്ഫാറ് ചെയ്യാൻ സാധ്യതയില്ല.

عَنْ - عمر ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ " : يَا عائشة ) إِنَّ الَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا ( إِنَّهُمْ أَصْحَابُ الْبِدَعِ وَأَصْحَابُ الْأَهْوَاءِ وَأَصْحَابُ الضَّلَالَةِ مِنْ هَذِهِ الْأُمَّةِ ، يَا عائشة إِنَّ لِكُلِّ صَاحِبِ ذَنْبٍ تَوْبَةً إِلَّا أَصْحَابَ الْأَهْوَاءِ وَالْبِدَعِ ، أَنَا مِنْهُمْ بَرِيءٌ وَهُمْ مِنِّي بَرَاءٌ"

മറ്റൊരു തെറ്റാണ് സോഷ്യൽ മീഡിയയുടെ ഉപയോഗം. കുടുംബ തകർച്ചക്കും മറ്റും ഇത് കാരണമാകുന്നുണ്ട്.

റൂഹുൽബയാനിൽ സൂറത്തുന്നിസാഇലെ 47ാം ആയത്തിന്റെ വ്യാഖ്യാനത്തിൽ ഒരു ചരിത്രം കാണാം:

നാൽപത് വർഷം പള്ളിയിൽ ബാങ്ക് കൊടുത്ത ഒരാൾ പിന്നീട് ഖുർആനിലേക്ക് തുപ്പി ജൂത മതത്തിലേക്ക് മാറുകയുണ്ടായി. മറ്റൊരു പണ്ഡിതൻ 30 വർഷം ദീനീ മേഖലയിൽ കഴിഞ്ഞു കൂടിയിട്ട് അവസാനം കൃസ്ത്യാനിയായി ഖുർആൻ പിച്ചിച്ചീന്തിയ കഥയും റൂഹുൽബയാൻ വിവരിക്കുന്നു. ഇതിന് കാരണമായി പറയുന്നത് ഇവർ ഹറാമിൽ നിന്ന് കണ്ണെടുക്കാറുണ്ടായിരുന്നില്ല എന്നതാണ്.

وفي المستدرك عن حذيفة قال: قال رسول الله ﷺ :النظرة سهم من سهام إبليس مسمومة، فمن تركها من خوف الله أثابه الله عز وجل إيماناً يجد حلاوته في قلبه .

വാട്സാപിലും ഫൈസ് ബുക്കിലും നാം ഹറാം കാണുന്നു.

فمن تركها من خوف الله أثابه الله عز وجل إيماناً يجد حلاوته في قلبه .

ഹറാമുകൾ ചെയ്യുമ്പോഴുണ്ടാകുന്ന ഏറ്റവും വലിയ പ്രശ്നം ഇബാദത്തിന്റെ ആസ്വാദനം അനുഭവപ്പെടുകയില്ല എന്നതാണ്.

يروى ابن قيم الجوزية عن أحد أحبار بني إسرائيل قال : يارب كم أعصيك ولا تعاقبني؟ فقيل له : كم أعاقبك وأنت لا تدري! أليس قد حرمتك لذة مناجاتي؟

നിസ്കരിക്കുമ്പോൾ അല്ലാഹുവോടുള്ള സംഭാഷണത്തിന്റെ രസം അനുഭവപ്പെടുന്നില്ലെങ്കിൽ അതും ഒരു ശിക്ഷയാണെന്ന് നാം മനസ്സിലാക്കണം.

ഉദാഹരണത്തിന്, ഒരു ഭാര്യ ഭർത്താവിനോട് പിണങ്ങിയാൽ ഒരു പക്ഷേ ഭക്ഷണവും മറ്റും തയ്യാറാക്കി കൊടുത്തേക്കാം. എന്നാൽ അവളെ ആസ്വദിക്കാനുള്ള മനസ്സുണ്ടാവില്ല.

അതുകൊണ്ട് ഒരുപാട് നന്മകൾ ചെയ്തില്ലെങ്കിലും തെറ്റുകളോട് അടുക്കുക പോലും ചെയ്യാത്ത ഒരു വർഷമായി ഇതിനെ മാറ്റുമെന്ന പ്രതിജ്ഞയെടുക്കാം.

ഇമാം ബുഖാരി (റ) പറയുന്നു:

**HADIA CSE Khutba Notes (04.01.2019)**

# തിന്മയോട് വെറുപ്പാവുക

عن أبي هريرة رضي الله عنه قال: قال رسول الله - ﷺ - : قال الله عز وجل ) : إذا تحدث عبدي بأن يعمل حسنة فأنا أكتبها له حسنة ما لم يعمل ، فإذا عملها فأنا أكتبها بعشر أمثالها ، وإذا تحدث بأن يعمل سيئة فأنا أغفرها له ما لم يعملها ، فإذا عملها فأنا أكتبها له بمثلها ، وقال رسول الله - ﷺ - قالت الملائكة : رب ذاك عبدك يريد أن يعمل سيئة وهو أبصر به ، فقال : ارقبوه ، فإن عملها فاكتبوها له بمثلها ، وإن تركها فاكتبوها له حسنة ، فإنما تركها من جرَّاي ( رواه الشيخان ، وهذه رواية مسلم

**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**For any clarification: Mob: 9447418451**